# 23.03.2016ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു പ്രത്യേക യോഗം 23.03.2016ന് 11.00 മണിക്ക് നഗരസഭാ ചെയർമാൻ ശ്രീ. കെ.കെ. നാസർ എന്നവരുടെ അധ്യക്ഷതയിൽ ആരംഭിച്ചു.

**യോഗത്തിലെ ഹാജർ:**

| ക്രമ നമ്പര് | കൗൺസിലർമാരുടെ പേര് | വാർഡ് |
|---|---|---|
| 1 | എടകണ്ടൻ യൂസഫ് | 1 |
| 2 | സുലൈമാൻ പാറമ്മൽ | 2 |
| 3 | അബ്ദുൾ നാസർ തിരുനിലത്ത് | 3 |
| 4 | ഉസ്മാൻകുട്ടി പരവക്കൽ | 4 |
| 5 | ബുഷ്റ ഷെബീർ | 5 |
| 6 | കെ.വി. രാജസുലോചന | 6 |
| 7 | ചന്ദ്രിക.കെ | 7 |
| 8 | ടി.വി. മുംതാസ് | 8 |
| 9 | പി. റംല ടീച്ചർ | 9 |
| 10 | അലവി തൈക്കാട്ട് | 10 |
| 11 | ടി.പി. സുബൈർ | 11 |
| 12 | അബ്ദുൾ റഹീം (നാണി) | 12 |
| 13 | ടി.വി. സുലൈഖ | 13 |
| 14 | കെ.കെ. നാസർ | 14 |
| 15 | ജമീല അബു | 15 |
| 16 | റംല കറുത്തേടത്ത് | 16 |
| 17 | മാട്ടുമ്മൽതൊടി ഫരീദ | 17 |
| 18 | നന്ദകുമാർ പള്ള്യാൽ | 18 |
| 19 | അബ്ദുറഹ്മാൻ.കെ.വി. (കുഞ്ഞാപ്പു) | 19 |
| 20 | പുത്തൻപിടീയേക്കൽ ആയിഷ ഉമ്മർ | 20 |
| 21 | വേളക്കാടൻ ലൈല റഷീദ് | 21 |
| 22 | കരുവക്കോട്ടിൽ സുഹറാബി | 22 |
| 23 | ഗിരിജ ടീച്ചർ | 23 |
| 24 | സൈതലവി (കോയാപ്പു) | 24 |
| 25 | അമരിയിൽ ആഷിത റസാഖ് | 25 |
| 26 | ജിനി | 26 |
| 27 | വഹീദ ഖലീൽ | 27 |
| 28 | അബ്ദുള്ളകുട്ടി (അബ്ദു മങ്ങാടൻ) | 28 |
| 29 | അഹമ്മദ് മണ്ടായപ്പുറം) | 29 |
| 30 | കെ. കമലാക്ഷി | 30 |
| 31 | സാജിദ് മങ്ങാട്ടിൽ | 31 |
| 32 | രാമചന്ദ്രൻ മഠത്തിൽ | 32 |

കൂടാതെ സെക്രട്ടറി, ഇംപ്ലിമെന്റിംഗ് ഓഫീസർമാർ, മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

**A1/230/15(1)**

കോട്ടക്കൽ നഗരസഭയുടെ 2015-16 വർഷത്തെ പുതുക്കിയ ബജറ്റും 2016-17 വർഷത്തെ ബജറ്റ് എസ്ററിമേററും അംഗീകരിക്കുന്ന വിഷയം കൗൺസിൽ പരിഗണനക്ക്.

**കുറിപ്പ്:** 26.02.2016 ലെ ധനകാര്യ സ്ഥിരം സമിതിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം ആയത് അംഗീകരിച്ച് കൗൺസിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

<u>തീരുമാനം</u>

നഗരസഭാ ഡെപ്യൂട്ടി ചെയര്‍പേഴ്സണ്‍ ശ്രീമതി. ബുഷ്റ ഷബീര്‍ 2015-16 വര്‍ഷത്തെ പുതിക്കിയ ബജറ്റും 2016-17 വര്‍ഷത്തെ ബജറ്റ് എസ്റ്റിമേറ്റും അവതരിപ്പിച്ചു. 2016ലെ നിയമസഭ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം ഇപ്പോള്‍ നിലവിലുള്ളതിനാല്‍ 2016–17 വര്‍ഷത്തെ ബജറ്റ് എസ്റ്റിമേറ്റില്‍ വികസന പ്രവര്‍ത്തനങ്ങള്‍ക്ക് വിശദമായി ഇനം തിരിച്ച് ഫണ്ട് വകകൊള്ളിച്ചിട്ടില്ല എന്നും ഇലക്ഷന്‍ പെരുമാറ്റ ചട്ടം അവസാനിച്ചതിന് ശേഷം വികസന പ്രവര്‍ത്തനങ്ങള്‍ക്ക് തുക ഉള്‍ക്കൊള്ളിച്ചുകൊണ്ട് 2016–17 വര്‍ഷത്തെ ബജറ്റ് പുനഃക്രമീകരിക്കുന്നതിന് കൗണ്‍സിലില്‍ വെക്കുന്നതാണെന്നും ഡെപ്യൂട്ടി ചെയര്‍പേഴ്സണ്‍ തന്റെ ഹ്യസ്വമായ ബജറ്റ് പ്രസംഗത്തില്‍ പറഞ്ഞു.

തുടര്‍ന്ന് 2015–16 വര്‍ഷത്തെ പുതുക്കിയ ബജറ്റും (മുന്നിരിപ്പ് 26946310.97/- രൂപ, വരവ് 137400768/- രൂപ, ചെലവ് 116283052.40/- രൂപ, നീക്കിയിരിപ്പ് 48064026.57/- രൂപ) 2016-17 വര്‍ഷത്തെ ബജറ്റും (മുന്നിരിപ്പ് 48064026.57/- രൂപ, വരവ് 206885588/- രൂപ, ചെലവ് 201151322/– രൂപ, നീക്കിയിരിപ്പ് 53798292.57/- രൂപ) കൗണ്‍സില്‍ പാസാക്കി.

യോഗം **12.30** മണിക്ക് അവസാനിച്ചു.

(ഒപ്പ്)
**ചെയര്‍മാന്‍,**
**കോട്ടക്കല്‍ നഗരസഭ.**